കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

**നം. പി.ആർ.194/2024** **തിരുവനന്തപുരം, തീയതി: 28/08/2024**

## പത്രക്കുറിപ്പ്

### കേരള സർവകലാശാല ഒന്നാം വർഷ ബിരുദ പ്രവേശനം 2024

ഗവണ്മെന്റ്/ എയ്ഡഡ് /സ്വാശ്രയ/ യു.ഐ.റ്റി./ഐ.എച്ച്.ആർ.ഡി കോളേജുകളിൽ ഒഴിവുള്ള ബിരുദ സീറ്റുകളിലേക്ക് കോളേജ് ലെവൽ സ്പോട്ട് അഡ്മിഷൻ ഓഗസ്റ്റ് 30, 31 തീയതികളിൽ അതാത് കോളേജുകളിൽ

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവണ്മെന്റ്/ എയ്ഡഡ് /സ്വാശ്രയ/ യു.ഐ.റ്റി./ഐ.എച്ച്.ആർ.ഡി കോളേജുകളിലെ ഒഴിവുള്ള സീറ്റുകളിലേക്ക് ഓഗസ്റ്റ് 30, 31 തീയതികളിൽ കോളേജ് തലത്തിൽ സ്പോട്ട് അഡ്മിഷൻ നടത്തുന്നു.

വിദ്യാർത്ഥികൾ അപേക്ഷയുടെ പ്രിന്റൗട്ടുമായി പ്രവേശനം ആഗ്രഹിക്കുന്ന കോളേജുകളിൽ 30 ന് രാവിലെ 11 മണിക്ക് മുൻപായി റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഏതെങ്കിലും കാരണത്താൽ നേരിട്ട് ഹാജാരാകാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്കും ഒന്നിലധികം കോളേജുകൾ താത്പര്യമുള്ള വിദ്യാർത്ഥികൾക്കും സാക്ഷ്യ പത്രം (**Authorization Letter**) നൽകി രക്ഷകർത്താവിനെ / പ്രതിനിധിയെ അയക്കാവുന്നതാണ്.ഒഴിവുകൾ നിലനിൽക്കുന്ന പക്ഷം 31 നും കോളേജുകളിൽ ഹാജരായി അഡ്മിഷൻ നേടാവുന്നതാണ്.

നിലവിൽ കേരള സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ അഡ്മിഷനിൽ ( മാനേജ്മെന്റ് ക്വാട്ട ഉൾപ്പെടെ) തുടരുന്ന വിദ്യാർത്ഥികളെ സ്പോട്ട് അഡ്മിഷന് പരിഗണിക്കുന്നതല്ല. നിലവിൽ ഓൺലൈൻ രജിസ്ട്രേഷൻ ചെയ്തിട്ടില്ലാത്ത വിദ്യാർത്ഥികൾക്കും ഈ സ്പോട്ട് അഡ്മിഷന് പങ്കെടുക്കാവുന്നതാണ്.

സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളുടെ കൈവശം എല്ലാ അസൽ സർട്ടിഫിക്കറ്റുകളും ഉണ്ടായിരിക്കേണ്ടതാണ്.

ഇതു വരെ അഡ്മിഷൻ ഫീ അടയ്ക്കാത്ത വിദ്യാർത്ഥികൾക്ക് സ്പോട്ട് അലോട്ട്മെന്റിൽ അഡ്മിഷൻ ലഭിക്കുകയാണെങ്കിൽ യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസിനത്തിൽ (എസ്.ടി/എസ്.സി

വിഭാഗങ്ങൾക്ക് 930/ രൂപ, ജനറൽ, മറ്റ് സംവരണ വിഭാഗങ്ങൾക്ക് 1850/ രൂപ) അടയ്ക്കേതാണ്. ഇതിനായി പ്രത്യേക സമയം അനുവദിക്കുന്നതല്ല. മുൻപ് യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് അടച്ചവർ പ്രസ്തുത പേയ്മെന്റ് രസീതിന്റെ കോപ്പി കൈയിൽ കരുതേണ്ടതാണ്.

ഒഴിവുള്ള സീറ്റുകളുടെ വിവരം സർവകലാശാല വെബ് സൈറ്റിൽ (**https://admissions.keralauniversity.ac.in**) പ്രസിദ്ധീകരിക്കുന്നതാണ്.

## പ്രാക്ടിക്കൽ പരീക്ഷ മാറ്റിവച്ചു

കേരളസർവകലാശാല 2024 സെപ്റ്റംബർ 3 മുതൽ വിവിധ കോളേജുകളിൽ നടത്താൻ നിശ്ചയിച്ചിരുന്ന നാലാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എസ്സി. കെമിസ്ട്രി (കോർ & കോംപ്ലിമെന്ററി) ജൂലൈ 2024 പ്രാക്ടിക്കൽ പരീക്ഷകൾ മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട് അറിയിക്കുന്നതാണ്.

## സ്പോട്ട് അഡ്മിഷൻ

**കേരളസർവകലാശാലയുടെ വിവിധ പഠന വകുപ്പുകളിൽ** നാല് വർഷ ബിരുദ പ്രോഗ്രാമുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് **2024 ഓഗസ്റ്റ് 31 ന് രാവിലെ 11 മണിക്ക് കാര്യവട്ടം യൂണിവേഴ്സിറ്റി ക്യാമ്പസ്സിലെ സി.വി രാമൻ ഹാളിൽ (CLIF) വച്ച് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. പങ്കെടുക്കാൻ താൽപ്പര്യമുള്ള യോഗ്യരായ വിദ്യാർത്ഥികൾ അസ്സൽ രേഖകളുമായി കൃത്യസമയത്ത് ഹാജരാക്കേണ്ടതാണ്. ഏതെങ്കിലും കാറ്റഗറിയിൽ യോഗ്യരായ വിദ്യാർത്ഥികളുടെ അഭാവത്തിൽ നിയമാനുസൃതമായ റൊട്ടേഷൻ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് ഒഴിവുകൾ നികത്തുന്നതാണ്.**

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

*University information is available on* **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**